**File No.: GE-DA2/46/2026-G.EDN**

"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ശ്രീ. അനിൽ കെ., എച്ച്.എസ്.എസ്.ടി (ഇക്കണോമിക്സ്), ഗവ.വി.എച്ച്.എസ്.എസ് മൊഗ്രാൽ, കാസർഗോഡ് - സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**4229/2026/GEDN** തീയതി,തിരുവനന്തപുരം, **27-06-2026**

---

പരാമർശം:-
1. പൊതു വിദ്യാഭ്യാസ (ഹയർസെക്കന്ററി വിഭാഗം) ഡയറക്ടറുടെ **05.11.2025** ലെ **HSE/13638/2025-Ad C4** നം കത്ത്
2. **21.04.2026**-ലെ **GE-DA2/46/2026-G.EDN** നമ്പർ കുറ്റാരോപണ മെമ്മോ

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ഗവ.വി.എച്ച്.എസ്.എസ് മൊഗ്രാൽ ഹയർസെക്കൻഡറി വിഭാഗം പ്രിൻസിപ്പൽ ഇൻ ചാർജ്ജ് ആയി സേവനമനുഷ്ഠിച്ചിരുന്ന എച്ച്.എസ്.എസ്.റ്റി ഇക്കണോമിക്സ് ശ്രീ.അനിൽ കെ (**പെൻ-810481**) ഗുരുതരമായ സാമ്പത്തിക ക്രമക്കേട് നടത്തിയതായി ഹയർസെക്കന്ററി വിഭാഗം സീനിയർ ഫിനാൻഷ്യൽ ഓഫീസർ **21/08/2025**-ന് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. സ്കൂളിൻറെ അക്കൗണ്ടിൽ നിന്നും പിൻവലിച്ച **₹34,69,100/-** (മുപ്പത്തിനാല് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി ഒരുന്നൂറ് രൂപ)-യിൽ, **Skill Development Centre** നിർമ്മാണത്തിനായി സമഗ്ര ശിക്ഷ അനുവദിച്ച **₹21,50,000/-** (ഇരുപത്തിയൊന്ന് ലക്ഷത്തി അൻപതിനായിരം) രൂപയും ക്ലാസ് റൂം നവീകരണത്തിനായി **BRC** യിൽ നിന്നും ലഭിച്ച **12,00,000/-**( പന്ത്രണ്ട് ലക്ഷം രൂപമാത്രം) ഉൾപ്പെടെ ആകെ **33,59,600/-**രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) **03/04/2024** മുതൽ **21/02/2025** വരെയുള്ള കാലയളവിൽ പല ഘട്ടങ്ങളിലായി പിൻവലിച്ചിട്ടുള്ളതായും ഇതിൽ **33,50,000** രൂപ (മുപ്പത്തിമൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വ്യക്തിപരമായ ആവശ്യങ്ങൾക്ക് പിൻവലിച്ചതായി ടിയാൻ രേഖാമൂലം സമ്മതിച്ചിട്ടുള്ളതായും **2025** ഏപ്രിൽ, മെയ് മാസങ്ങളിൽ ജോലിക്ക് ഹാജരാകാതെയും യഥാസമയം അവധി അപേക്ഷ സമർപ്പിക്കാതെയും രണ്ട്

മാസത്തെ ശമ്പളം ടിയാൻ അനധികൃതമായി കൈപ്പറ്റിയതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട് എന്ന് പരാമർശം (1) പ്രകാരം പൊതു വിദ്യാഭ്യാസ ഹയർസെക്കന്ററി വിഭാഗം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഉത്തരവാദിത്തപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ മാതൃകാപരമായി പ്രവർത്തിക്കേണ്ട ടിയാന്റെ ഭാഗത്തുനിന്നുണ്ടായ പ്രവൃത്തികൾ ഗുരുതരമായ സാമ്പത്തിക ക്രമക്കേടും അച്ചടക്കലംഘനവും പെരുമാറ്റച്ചട്ട ലംഘനവുമാണ് എന്ന് സർക്കാരിന് ബോധ്യപ്പെട്ടതിനാൽ ടിയാനെതിരെ 1960-ലെ കെ.സി.എസ്(സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിയ്ക്കുന്നതിന്റെ ഭാഗമായി ടിയാന് പരാമർശം(2) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നല്കി.

2. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കാസർഗോഡ് ഗവ.വി.എച്ച്.എസ്.എസ് മൊഗ്രാൽ ഹയർസെക്കൻഡറി വിഭാഗം എച്ച്.എസ്.എസ്.ടി (ഇക്കണോമിക്സ്) ആയ ശ്രീ.അനിൽ കെ.-യുടെ പ്രവൃത്തികൾ 1960-ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളുടെ ലംഘനമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടിയാനെ അന്വേഷണ വിധേയമായി ഉടൻ പ്രാബല്യത്തിൽ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു,.

3. ശ്രീ. അനിൽ കെ.-യ്ക്ക് സസ്പെൻഷൻ കാലയളവിൽ കെ.എസ്.ആർ ഭാഗം 1 ചട്ടം 55 പ്രകാരം ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1.പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കൻഡറി വിഭാഗം), തിരുവനന്തപുരം.
2. ആർ.ഡി.ഡി, കണ്ണൂർ
3.ശ്രീ. അനിൽ കെ., എച്ച്.എസ്.എസ്.ടി (ഇക്കണോമിക്സ്) (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന).
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
5. വെബ് (ന്യൂ മീഡിയ/കൈറ്റ്സ്)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Dhanya M B
Date: 27-06-2026 17:05:50

സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു പൊതുവിദ്യാഭ്യാസ ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്